(ഇ) ബാലവേല ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) 1988-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) ആക്ടും 1993-ലെ കേരള ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) റൂൾസും പ്രകാരം കഠിനാദ്ധ്വാനം ആവശ്യമില്ലാത്ത ഹോട്ടൽ വ്യവസായം ചെമ്മീൻ പൊളിക്കൽ കല്ലുടയ്ക്കൽ, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, തീപ്പെട്ടി കമ്പനികൾ, ഇഷ്ടിക കളങ്ങൾ തുടങ്ങിയ വ്യവസായങ്ങളിലെ അപകടരഹിതമായ തൊഴിലുകളിൽ അപൂർവ്വമായി ബാലതൊഴിലാളികളെ കണ്ട് വരുന്നുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1997 മേയ്മാസത്തിൽ സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്താനായി ജില്ലാകളക്ടർമാരുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി ഒരു സർവ്വേ നടത്തുകയുണ്ടായി. അതനുസരിച്ച് അപകടകരമായ തൊഴിലുകളിൽ 1081-ഉം അപകടകരമല്ലാത്ത തൊഴിലുകളിൽ 6986-ഉം ഉൾപ്പെടെ ആകെ 10087 ബാലതൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പിന്നീട് നടത്തിയ നിയമപരമായ പരിശോധനയിൽ അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിരുന്ന കുട്ടികളെ ആരെയും കണ്ടെത്താനായില്ല. ഇതിന് കാരണം സർവ്വേയിൽ രേഖപ്പെടുത്തിയിരുന്ന കുട്ടികളിൽ ഭൂരിഭാഗവും 14 വയസ്സിനുമേൽ പ്രായമുള്ളവരും തൊഴിൽമേഖല അപകടകരമാണോ അല്ലയോയെന്നത് തെറ്റായി രേഖപ്പെടുത്തിയതിനാലുമാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവ തൊഴിലാളികളെ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ ശേഖരിക്കുന്നതിന് സമഗ്രമായ ഒരു സർവ്വേ നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സാമൂഹികവും സാമ്പത്തികവും കുടുംബപരവുമായ കാരണങ്ങളാലാണ് കേരളത്തിൽ ബാലവേല നിലനിൽക്കുന്നതെന്ന് മനസ്സിലാകുന്നു.

(ഇ) കേരളത്തിൽ നിന്നും ബാലവേല പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി കേരള ചൈൽഡ് ലേബർ (റിലീസ്, റീഹാബിലിറ്റേഷൻ ആന്റ് വെൽഫെയർ) ഓർഡിനൻസ് പുറപ്പെടുവിക്കുകയും "ശിശുതൊഴിൽ വിമുക്ത കേരളം" എന്ന ഒരു ത്രിമുഖ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുകയും ചെയ്യുന്നു. ഇത് പൂർത്തിയാക്കുന്നതോടെ ബാലവേല കേരളത്തിൽ നിന്നും പൂർണ്ണമായും ഇല്ലാതാകുമെന്നു പ്രതീക്ഷിക്കുന്നു.

ആദിവാസി പെൺകുട്ടികളുടെ സംരക്ഷണം

23 (*201) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ആദിവാസി പെൺകുട്ടികളെ ലൈംഗിക ചൂഷണത്തിൽ നിന്നും രക്ഷിക്കാനും അവിവാഹിത മാതാക്കളേയും കുട്ടികളേയും പുനരധിവസിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ;

(സി) അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി&സി) ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പോലീസ് അന്വേഷണം നടത്തി പ്രതികൾക്കെതിരെ 1989-ലെ അതിക്രമം തടയൽ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാവുന്നവർക്ക് സ്ഥായിയായ വരുമാനലബ്ധിക്കുവേണ്ടി പൂക്കോട് ഡയറി പ്രോജക്ട് പ്രിയദർശിനി തേയിലത്തോട്ടം എന്നിവിടങ്ങളിൽ തൊഴിൽ നല്കി പുനരധിവസിപ്പിക്കുന്നു. കൂടാതെ പുനരധിവാസത്തിന്റെ ഭാഗമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് ആയത് നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അവിവാഹിതരായ മാതാക്കളുടെ കുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിപ്പിച്ച് പഠിപ്പിച്ച് വരുന്നു. അവിവാഹിതരായ അമ്മമാരുടെ കുട്ടികളുടെ പിതൃത്വം തെളിയിക്കുന്നതിന് ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾ തടയൽ നിയമത്തെ സംബന്ധിച്ചും നിയമസാദ്ധ്യതകളെ സംബന്ധിച്ചും ആദിവാസികൾക്കിടയിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തിവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം

24 (*202) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഈ ഗവൺമെന്റിന് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly